# ചോദ്യോത്തരം

മുജീബ്

# ആണവകരാറും മന്ത്രി അഹ്മദും

■ *"ആണവകരാറിൽ ഒപ്പിടുന്നതിലൂടെ ഇന്ത്യയുടെ പരമാധികാരവും സ്വാതന്ത്ര്യവും അമേരിക്കക്ക് അടിയറ വെക്കുകയാണെന്ന പ്രചാരണം അടിസ്ഥാനരഹിതമാണെന്ന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി ഇ. അഹ്മദ് പ്രസ്താവിച്ചു....... ഇന്ത്യക്ക് ആണവോർജം ലഭിക്കുന്നതിന് വേണ്ടിയുള്ള കരാറാണ് അമേരിക്കയുമായി ഒപ്പിടാൻ പോവുന്നത്. രാജ്യത്തിന്റെ നിലവിലുള്ള വളർച്ചാ നിരക്ക് നിലനിർത്താനും കാർഷിക വ്യാവസായിക രംഗത്ത് പുരോഗതി ഉണ്ടാക്കാനും ആണവോർജം കൂടിയേ തീരൂ....... ഇന്ത്യ ഇറാനെതിരെ വോട്ട് ചെയ്തത് അന്താരാഷ്ട്ര ആണവോർജ ഏജൻസിയുടെ നിബന്ധനകൾ ലംഘിച്ചതിനാലാണ്. അതേസമയം ഇറാനെതിരെ നടപടികൾ സ്വീകരിക്കുന്നതിനെ ഇന്ത്യ എതിർക്കുകയും ചെയ്തു. ഈ സമയത്തുതന്നെയാണ് ഇറാനിലേക്ക് ഇന്ത്യയുടെ പ്രതിനിധിയായി തന്നെ പ്രധാനമന്ത്രി അയച്ചത്.*

*വിദേശ നയത്തിൽ വെള്ളംചേർക്കാൻ സമ്മതിക്കില്ല എന്നതിന്റെ തെളിവാണിത്. മാത്രമല്ല ഇപ്പോഴും ഫലസ്തീന് അനുകൂലമായ നിലപാട് സ്വീകരിക്കുന്ന രാജ്യമാണ് ഇന്ത്യ. ഇതിലൊന്നും ഒരു മാറ്റവും ഉണ്ടാകാൻ പോകുന്നില്ല. അമേരിക്കയുടെ മുന്നിൽ ചൂളിപ്പോകുന്ന രാജ്യമല്ല ഇന്ത്യ. അതുകൊണ്ട് തെറ്റിദ്ധാരണകളിൽ വീണുപോകരുതെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു" (ചന്ദ്രിക ദിനപത്രം 9.08.2008). യഥാർഥത്തിൽ ഇവിടെ ആര് ആരെയാണ് തെറ്റിദ്ധരിപ്പിക്കുന്നത്?*

**വി. അൽത്താഫ് അഹ്മദ് കാവനൂർ**

**യു.**പി.എ മന്ത്രിസഭാംഗവും കേന്ദ്ര സർക്കാറിന്റെ ഭാഗവുമാണ് വിദേശകാര്യ സഹമന്ത്രി ഇ. അഹ്മദ്. ആ നിലയിൽ തന്റെ സർക്കാറിന്റെ നയം എത്രതന്നെ അബദ്ധജടിലമോ ദ്രോഹകരമോ ആണെങ്കിലും അദ്ദേഹം ന്യായീകരിച്ചേതീരൂ. കോൺഗ്രസ് നേതൃത്വവും പ്രധാനമന്ത്രിയും സുചിന്തിതമായെടുത്ത ഒരു തീരുമാനത്തെ തിരുത്തിക്കാനുള്ള ശേഷി കേവലം ഒരു സഹമന്ത്രി മാത്രമായ അഹ്മദിനോ ഏകാംഗഘടകമായ അദ്ദേഹത്തിന്റെ പാർട്ടിക്കോ ഇല്ലെന്നും വ്യക്തം. അവശേഷിക്കുന്നത് ആണവകരാർ പ്രശ്നത്തിൽ മുസ്‌ലിം ലീഗിന്റെ നിലപാടെന്ത് എന്ന ചോദ്യമാണ്. അതിനിയും സുതാര്യമായി വിശദീകരിക്കപ്പെട്ടിട്ടില്ല. ഇന്ത്യ എല്ലാ കാര്യങ്ങളിലും അമേരിക്കക്ക് പൂർണമായി വഴങ്ങരുത് എന്നൊരു ആഗ്രഹം ലീഗിനുള്ളതായി മനസ്സിലാവുന്നു. അത് ചെന്നൈയിൽ ചേർന്ന ദേശീയ നിർവാഹക സമിതി യോഗ തീരുമാനങ്ങളിൽ സൂചിപ്പിക്കപ്പെട്ടിരുന്നു. കുറേക്കൂടി വ്യക്തമായിരുന്നു പ്രസിഡന്റ് ജി.എം ബനാത്ത്‌വാല മരണത്തിനു മുമ്പ് തയാറാക്കിയതായി പറയുന്ന പ്രസ്താവനയെങ്കിലും, അതിപ്പോഴും പാർട്ടിയുടെ ഔദ്യോഗിക നിലപാടായി അംഗീകരിക്കപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ അഖിലേന്ത്യാ നേതാവും കേന്ദ്രമന്ത്രിയുമായ അഹ്മദ് ആവർത്തിച്ച് വ്യക്തമാക്കുന്നത് തന്നെയാണ് മുസ്‌ലിം ലീഗിന്റെ ആണവകരാർ നയവുമെന്ന് ധരിക്കുകയേ നിർവാഹമുള്ളൂ.

എങ്കിൽ ആ നയം എതിർക്കപ്പെടാതെ വയ്യ. ഇന്ത്യയുടെ പരമാധികാരത്തെയും സ്വാതന്ത്ര്യത്തെയും തീർത്തും പ്രതികൂലമായി ബാധിക്കുന്നത് തന്നെയാണ് 123 കരാറെന്ന് ദിവസം കഴിയുംതോറും കൂടുതൽ കൂടുതൽ തെളിഞ്ഞുവരികയാണ്. ഹൈഡ് നിയമം ഇന്ത്യക്ക് ബാധകമല്ലെന്ന് പറയുന്നത് ഇന്ത്യയാണ്, പ്രധാന പങ്കാളിയായ അമേരിക്കയല്ല. അമേരിക്കയുടെ പരമാധികാര സഭ അംഗീകരിച്ച ഒരു നിയമം ആ രാജ്യത്തിന് ബാധകമാവാതിരിക്കാൻ സാധ്യമല്ല. ഹൈഡ് നിയമ പ്രകാരം ആണവായുധ നിർവ്യാപന കരാറിൽ ഒപ്പുവെക്കാത്ത, ആണവപരീക്ഷണങ്ങൾ തുടരുന്ന ഒരു രാജ്യത്തിനും ആണവസാമഗ്രികൾ നൽകാൻ അമേരിക്കക്ക് ആവില്ല. ആണവ നിർവ്യാപന കരാറിൽ ഒപ്പിടാൻ ഇന്ത്യ തയാറായിട്ടുമില്ല. ഒടുവിൽ നടന്ന ആണവ സാമഗ്രിദായക ഗ്രൂപ്പി(എൻ.എസ്.ജി)ന്റെ യോഗം ഇന്ത്യക്ക് ആവശ്യമായ ആണവ സാമഗ്രികൾ നൽകുന്ന കാര്യത്തിൽ ഏകാഭിപ്രായത്തിലെത്തിയിട്ടില്ല. പകരം ആണവ നിർവ്യാപന കരാർ ഒപ്പിടാൻ ഇന്ത്യയെ നിർബന്ധിക്കാനാണ് എൻ.എസ്.ജിയുടെ ശ്രമം. അതിന് ഇന്ത്യ വഴങ്ങില്ലെന്ന് ഇപ്പോൾ പറയുന്നുണ്ടെങ്കിലും വഴങ്ങാനുള്ള സാധ്യതയാണ് തെളിയുന്നത്. വഴങ്ങിയാൽ പരമാധികാരവും സ്വാതന്ത്ര്യവും നഷ്ടമാവുമെന്ന് തീർച്ച.

ഇറാൻ അന്താരാഷ്ട്ര ആണവോർജ ഏജൻസി(ഐ.എ.ഇ.എ)യുടെ നിബന്ധനകളൊന്നും ലംഘിച്ചിട്ടില്ലെന്ന് ഏജൻസിയുടെ പരിശോധക സംഘം വ്യക്തമാക്കിയിട്ടുണ്ട്. എന്നിട്ടും അമേരിക്കയുടെ സമ്മർദത്തിന് വഴങ്ങി ഇറാനെതിരായ ഉപരോധ പ്രമേയത്തിന് അനുകൂലമായി രണ്ടു തവണയും വോട്ടുചെയ്യുകയായിരുന്നു ഇന്ത്യ. അതിലുപരി, ഇന്ത്യക്ക് ഊർജകാര്യത്തിൽ ഏറ്റവും പ്രയോജനകരമായ ഇറാൻ വാതകക്കുഴൽ പദ്ധതിയുമായി മുന്നോട്ടു പോവാതിരിക്കാൻ തടസ്സവും അമേരിക്കയാണ്. അമേരിക്കയുടെ തന്നെ നിർബന്ധത്തിന് വഴങ്ങി ഇറാനെതിരായ ഇസ്രയേലിന്റെ ചാരഉപഗ്രഹം ഇന്ത്യയിൽനിന്ന് വിക്ഷേപിക്കാൻ അനുമതി നൽകിയതിനെക്കുറിച്ച് മന്ത്രി അഹ്മദിന് എന്താണാവോ പറയാനുള്ളത്? മാനവസമൂഹത്തിന്റെയും മുസ്‌ലിം ലോകത്തിന്റെയും ശത്രുവായ അമേരിക്കൻ

സാമ്രാജ്യത്വത്തോടുള്ള യു.പി.എ സർക്കാറിന്റെ ദാസ്യം ഒരു യാഥാർഥ്യമായംഗീകരിച്ചു. എന്നാലും അതിൽ തുടരാനുള്ള തന്റെ നിർബന്ധിതാവസ്ഥ കുറേകൂടി സുതാര്യമായി ജനങ്ങളെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയാണ് ഇ. അഹ്മദിന് കരണീയമായിട്ടുള്ളതെന്ന് തോന്നുന്നു.

## ഒറ്റപ്പെടുന്നതാര്?

■ *ആണവകരാർ നിലപാടുകളിൽ ഇപ്പോൾ ഇടതുപക്ഷ പാർട്ടികളും കോൺഗ്രസ്‌വിരുദ്ധ ചേരികളും ഒപ്പം ജമാഅത്തെ ഇസ്‌ലാമി പോലുള്ള ചില മുസ്‌ലിം ഗ്രൂപ്പുകളുമാണ് വെട്ടിലായിരിക്കുന്നത്. ഇന്ദ്രപ്രസ്ഥം കണ്ട രാഷ്ട്രീയ കുതിരക്കച്ചവടത്തിൽ ഇടതുപക്ഷമടക്കമുള്ളവർ ഒരുപക്ഷേ 'രാഷ്ട്രീയം കളിച്ച്' അതിജയിച്ചേക്കാം. പക്ഷേ, ജമാഅത്തെ ഇസ്‌ലാമിയെ പോലുള്ള ആദർശ പ്രസ്ഥാനങ്ങൾ അന്ധമായ അമേരിക്കൻ വിരുദ്ധതയിലൂടെ ഒറ്റപ്പെടുകയും പരിഹാസപാത്രമാവുകയും ചെയ്തുവരുന്നില്ലേ?*

**എൻ.പി റിയാദ്**

**സു**ഖമായും സുഗമമായും ഭരിക്കാൻ പുറമെനിന്ന് ഇടതുപക്ഷം നൽകിവന്ന പിന്തുണ തട്ടിത്തെറിപ്പിച്ച് അവസരവാദികളുടെയും അഴിമതി വീരന്മാരുടെയും പിന്തുണ വിലയ്ക്ക് വാങ്ങി വിശ്വാസവോട്ടിനെ അതിജീവിച്ച മൻമോഹൻ സർക്കാറാണിപ്പോൾ അക്ഷരാർഥത്തിൽ വെട്ടിലായിരിക്കുന്നത്. പിന്തുണച്ചവർ താങ്ങാനാവാത്ത വില ചോദിക്കുന്നു. തിരശ്ശീലക്ക് പിന്നിൽ കളിച്ച കുത്തകകൾ അവിഹിത സമ്മർദം ശക്തിപ്പെടുത്തുന്നു. മറുവശത്ത് ഫാഷിസ്റ്റ് പ്രതിപക്ഷം ഹിന്ദു വോട്ടുബാങ്ക് ലക്ഷ്യമാക്കി രാജ്യം കുട്ടിച്ചോറാക്കുമ്പോൾ മതേതര ന്യൂനപക്ഷ പിന്തുണ കളഞ്ഞുകുളിച്ച കോൺഗ്രസ് നിന്ന് വിയർക്കുന്നു. എല്ലാം ഒരു ആണവകരാറിനുവേണ്ടിയായിരുന്നെങ്കിൽ എൻ.എസ്.ജി വിലങ്ങടിച്ചതോടെ അതും കുളത്തിലാവാൻ പോവുന്നു. ഇതിനിടയിൽ ഇടതുപക്ഷമടക്കമുള്ള സാമ്രാജ്യത്വവിരുദ്ധരുമായി ചേർന്ന് പോരാട്ടത്തിനിറങ്ങിയ ജമാഅത്തെ ഇസ്‌ലാമി ഒറ്റപ്പെടുന്ന പ്രശ്നമെവിടെ? ജമാഅത്തിന്റെ തത്ത്വാധിഷ്ഠിതവും ആർജവ പൂർണവുമായ നിലപാടുകൾക്ക് സ്വീകാര്യത പൂർവാധികം വർധിച്ചുവരുന്ന സന്ദർഭമാണിത്. ആഗസ്റ്റ് 26-ന് ന്യൂദൽഹിയിൽ സംഘടിപ്പിക്കപ്പെട്ട ഇടതുപക്ഷവും മുസ്‌ലിം സംഘടനകളും പങ്കെടുത്ത ആണവവിരുദ്ധ കൺവെൻഷൻ അത് തെളിയിച്ചു.

## ദഅ്‌വത്തിന്റെ പുത്തൻ മാതൃക?

■ *"ജമാഅത്തെ ഇസ്‌ലാമിയുടെ പ്രഥമ പരിഗണന ദഅ്‌വത്താണെന്നാണ് പൊതുവെ പറയപ്പെടുന്നത്. എന്നാൽ ദഅ്‌വത്ത് എന്നത് അവർക്കൊരു ആവരണം മാത്രമാണ്. ഇപ്പോൾ കക്ഷിരാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ സാമൂഹിക അജണ്ടകളോട് സമാനത പുലർത്തുന്ന പ്രവർത്തനശൈലികളിലേക്ക് സമ്പൂർണമായും മാറിക്കൊണ്ടിരിക്കുന്ന ജമാഅത്തിന് ഒരു തിരിച്ചുപോക്ക് സാധ്യമാവുമോ എന്നത് സംശയമാണ്... .... അല്ലാഹുവിന്റെ കൽപന ഖുർആൻ ഓതിക്കേൾപ്പിച്ചുകൊടുക്കുക എന്നതാണ്. നബി(സ)യും സ്വഹാബത്തും ചെയ്തതും അതുതന്നെയാണ്. ഇതിനേക്കാൾ മെച്ചപ്പെട്ട ഒരു രീതി ഉണ്ടായിരുന്നെങ്കിൽ അല്ലാഹു അത് നബിയെ പഠിപ്പിക്കുമായിരുന്നു. നബിചര്യയെ ചവറ്റുകൊട്ടയിലേക്കെറിഞ്ഞു നടത്തുന്ന പ്രവർത്തനങ്ങൾക്കാണ് ഇന്ന് ദഅ്‌വത്ത് എന്നു പറയുന്നത്.*

*ദഅ്‌വത്താണ് പ്രസ്ഥാനത്തിന്റെ ഊന്നൽ എന്ന് ആണയിടുകയും പ്രബോധന ബാഹ്യമായ മറ്റു പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുകയും ചെയ്യുക എന്നതാണ് ജമാഅത്തിന്റെ നാളിതുവരെയുള്ള പ്രവർത്തനശൈലി. അഥവാ ദഅ്‌വത്തിനെ നാമമാത്രമായി നിർവഹിക്കുകയും പ്രസ്ഥാനത്തിന്റെ പ്രവർത്തന അജണ്ടകൾ തനി രാഷ്ട്രീയവും സംഘടനാപരവും കക്ഷിത്വപരവുമായ ഊന്നലുകളോടെ തുടർന്നുവരികയും ചെയ്യുക എന്നതാണ് രീതി. ഇത് ആത്മവഞ്ചനയല്ലാതെ മറ്റെന്താണ്?"*

*തേജസ് ദ്വൈവാരിക (ആഗസ്റ്റ് 16-31)യിൽ ഒരു മുൻ ജമാഅത്തുകാരൻ. ഇതെത്രത്തോളം ശരിയാണ്?*

**എൻ.പി അബ്ദുൽ കരീം**
**ചേന്ദമംഗല്ലൂർ**

**വാ**ളെടുത്തവനൊക്കെ വെളിച്ചപ്പാട് എന്ന് പറയാറുള്ളപോലെ ഓരോരുത്തരും ഖുർആനും നബിചര്യയും തോന്നിയപോലെ വ്യാഖ്യാനിച്ച് മുജ്തഹിദ് ചമയുകയാണ്. വേണ്ടവിധം പഠിച്ചോ അവധാനതയോടെ ആലോചിച്ചോ ഒന്നുമല്ല അഭിപ്രായ പ്രകടനം. തനിക്ക് അപ്പപ്പോൾ തോന്നുന്നതൊക്കെ ശരി, അത് ശരിയല്ലെന്ന് ചൂണ്ടിക്കാട്ടുന്നവർ ചെയ്യുന്നതൊക്കെ തെറ്റ്. ഇതാണ് സാമാന്യ ശൈലി.

ദഅ്‌വത്ത് (പ്രബോധനം) മുഖ്യദൗത്യമായിരുന്നില്ലെങ്കിൽ ജമാഅത്തെ ഇസ്‌ലാമി എന്ന ഒരു പ്രസ്ഥാനമേ ഉടലെടുക്കുമായിരുന്നില്ല. പരമ്പരാഗത മതപ്രവർത്തനങ്ങൾക്കും സാമുദായിക പ്രവൃത്തികൾക്കും മറ്റു സംഘടനകൾ തന്നെ വേണ്ടത്ര രംഗത്തുണ്ടായിരുന്നല്ലോ. പക്ഷേ, ദഅ്‌വത്ത് എന്നാൽ ഒരു യുക്തിദീക്ഷയും കൂടാതെ കാണുന്നവരുടെ മുമ്പിലൊക്കെ ഖുർആൻ ഓതി ഉടൻ മതത്തിലേക്ക് ആളെകൂട്ടാൻ നോക്കുകയാണെന്ന് ജമാഅത്തെ ഇസ്‌ലാമി മനസ്സിലാക്കിയിട്ടില്ല; അങ്ങനെയൊരു പ്രവാചകചര്യയും കണ്ടിട്ടില്ല. യുക്തിപൂർവം വേണം പ്രബോധനമെന്നത് ഖുർആന്റെ അധ്യാപനമാണ്. 13 വർഷക്കാലം രാപ്പകൽ ദഅ്‌വത്ത് നടത്തിയിട്ടും മക്കയിലെ ഭൂരിപക്ഷത്തെ ഇസ്‌ലാമിലേക്ക് ആകർഷിക്കാൻ നബി(സ)ക്ക് കഴിയാതെ പോയത് ദഅ്‌വത്ത് ശൈലിയുടെ കുഴപ്പമോ നബിയുടെ കഴിവുകേട് കൊണ്ടോ ആയിരുന്നില്ല. നൂഹും ഹൂദും സ്വാലിഹും ഇബ്റാഹീമും (അ) അടക്കം ഒട്ടേറെ പ്രവാചകന്മാരുടെ ആയുഷ്കാല പ്രബോധനത്തിന്റെ ബാക്കിപത്രം വിരലിലെണ്ണാവുന്ന വിശ്വാസികളിലൊതുങ്ങാൻ കാരണവും 'സഡൻ മതപരിവർത്തന അജണ്ട' പരീക്ഷിക്കാത്തതല്ല. പ്രബോധിതരുടെ മാനസികാവസ്ഥയും ജീവിതാവസ്ഥയുമൊക്കെ പഠിച്ച് അവരെ സത്യം ബോധ്യപ്പെടുത്താവുന്ന ശൈലിയും മാർഗവും അവലംബിച്ചുവേണം ആരായാലും പ്രബോധനം നടത്താൻ.

ഖുർആനികാശയങ്ങളിലൂടെ തന്നെ വേണം പ്രബോധനമാരംഭിക്കാൻ എന്ന് തീരുമാനിച്ചതുകൊണ്ടാണ് എല്ലാ ഇന്ത്യൻ ഭാഷകളിലേക്കും ഖുർആൻ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കുന്ന പദ്ധതി ജമാഅത്ത് ഒന്നാമതായി ആരംഭിച്ചത്. അത് തീർത്തും സഫലമായി. ഇന്ന് ഖുർആൻ വിവർത്തനം ലഭ്യമല്ലാത്ത ഒരു പ്രാദേശിക ഭാഷയും ഇന്ത്യയിലില്ല. അത് അനേകലക്ഷം മനുഷ്യരുടെ കൈകളിലെത്തിക്കാനും അവരുമായി നിരന്തര സമ്പർക്കം പുലർത്താനും പ്രസ്ഥാനത്തിന് കഴിഞ്ഞു. ഒട്ടേറെ പേരുടെ സംശയങ്ങൾക്ക് നിവൃത്തിവരുത്തി. പലരും ഏക ദൈവ വിശ്വാസത്തിന്റെ വക്താക്കളും പ്രയോക്താക്കളുമായി. പലരും സാധ്യമായ രംഗങ്ങളിൽ സഹകരിക്കാൻ തയാറായി. ഒട്ടുവളരെ പേർ അന്ധമായ എതിർപ്പ് അവസാനിപ്പിച്ചു. ഈ പ്രക്രിയ ഇപ്പോഴും തുടരുന്നു. കണക്കെടുപ്പ് നടത്തി പട്ടിക പ്രസിദ്ധീകരിക്കുന്ന ജ്വരം ജമാഅത്തിനില്ലാത്തതുകൊണ്ടാണ് ചിലരുടെ വെല്ലു

വിളി. അവരുടെ മാതൃക ഏതായാലും പ്രസ്ഥാനത്തിനാവശ്യമില്ല.

പ്രബോധിത സമൂഹത്തിന്റെ സുഖദുഃഖങ്ങളിൽ പങ്കാളികളാകാതെയും അവരുടെ മാനുഷിക പ്രശ്നങ്ങളോട് അനുകൂലമായി പ്രതികരിക്കാതെയും ഒരു പ്രബോധന ദൗത്യവും വിജയിക്കില്ല. അനാഥരുടെയും അഗതികളുടെയും വിധവകളുടെയും കണ്ണീരൊപ്പിയും ദുർബലർക്ക് നീതിക്കായി പൊരുതിയും വളർന്ന പ്രവാചകനാണ് ജമാഅത്തെ ഇസ്‌ലാമിക്ക് മാതൃക. ആ ഇടപെടൽ കാലോചിതമായി നടത്തുമ്പോൾ അതിന് രാഷ്ട്രീയമെന്ന് പേരിട്ട് അപഖ്യാതി പരത്താനാണ് ചിലരുടെ കുത്സിത ശ്രമം. കുടിവെള്ളത്തിലും റേഷൻ അരിയിലും വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലുമടക്കം രാഷ്ട്രീയമുണ്ട് എന്ന് തിരിച്ചറിയാത്ത അരാഷ്ട്രീയക്കാരുടെ വിവരക്കേടിന് അവർ സ്വയം ചികിത്സിക്കുകയേ വഴിയുള്ളൂ.

## റമദാനിൽ ഭക്ഷണശാലകൾ പ്രവർത്തിക്കാത്തത്

■ *കേരളത്തിലെ ചില പ്രദേശങ്ങളിൽ പ്രത്യേകിച്ച് മുസ്‌ലിം ഭൂരിപക്ഷമുള്ള നഗരങ്ങളിൽ റമദാൻ മാസമായാൽ പകൽ സമയങ്ങളിൽ ഹോട്ടലുകൾ തുറന്ന് പ്രവർത്തിക്കുന്നില്ല. ഇതു കാരണം വഴിയാത്രക്കാർക്കും നോമ്പില്ലാത്തവർക്കും അന്നപാനീയങ്ങൾ തടയപ്പെടുന്നു. ബഹുമത സമൂഹം അധിവസിക്കുന്ന നമ്മുടെ നാട്ടിൽ നോമ്പില്ലാത്തവരും നോമ്പ് നിർബന്ധമില്ലാത്തവരുമുണ്ടെന്നുള്ള വസ്തുത വിസ്മരിക്കുകയാണോ? ഹോട്ടലുകളും ഭക്ഷണ കേന്ദ്രങ്ങളും അടച്ചുപൂട്ടിക്കൊണ്ട് നോമ്പില്ലാത്തവർക്കും യാത്രക്കാർക്കും പിഞ്ചുകുട്ടികൾക്കും അന്നപാനീയങ്ങൾ തടയുന്നത് മതനിഷിദ്ധമല്ലേ?*

***നസീർ പള്ളിക്കൽ***
***റിയാദ്***

റമദാനിലെ പകലിൽ റെസ്റ്റോറന്റുകൾ തുറന്ന് പ്രവർത്തിക്കണമോ എന്ന് തീരുമാനിക്കേണ്ടത് അവയുടെ ഉടമകളാണ്. റമദാനിനെ ആദരിച്ചും ദുരുപയോഗം ഭയന്നും വിശ്വാസികളായ ചില ഉടമകൾ കടകൾ തുറക്കുന്നുണ്ടാവില്ല. മനസ്സാക്ഷിക്ക് വിരുദ്ധമായത് ചെയ്യാൻ അവരെ നിർബന്ധിക്കാനാവില്ല. ഇങ്ങനെയൊന്നും ചിന്തിക്കാത്ത മുസ്‌ലിം-അമുസ്‌ലിം കച്ചവടക്കാർ സുലഭമായിരിക്കെ റമദാൻ പകലിലെ ഭക്ഷ്യക്ഷാമം പ്രശ്നമാവേണ്ടതല്ല. വീടുകളും കാന്റീനുകളും ബേക്കറികളും റെയിൽവേ സ്റ്റാളുകളും പഴക്കടകളും കൂൾബാറുകളുമൊക്കെ ആവശ്യക്കാർക്ക് ആശ്രയമാവേണ്ടതാണ്. ■